പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3383 — 19.06.19 ൽ മറുപടിയ്ക്ക്

## വൈദ്യുതി വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ നടപടി

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; വ്യക്തമാക്കുമോ; | (എ) | 10.03.2019 ലെ ജി.ഒ.(എംഎസ്) 24/2019/ട്രാൻ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഒരു ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് പ്രസിദ്ധ പ്പെടുത്തിയിട്ടുണ്ട്. 2020 ഓടെ വൈദ്യുതി ഇന്ധനമാക്കി പ്രവർത്തിക്കുന്ന 2 ലക്ഷം ഇരുചക്ര വാഹന ങ്ങളും 50,000 മുചക്ര വാഹനങ്ങളും, 1000 ചരക്ക് വാഹനങ്ങളും, 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022 ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുന്ന തിനുമാണ് സർക്കാർ ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനും തുടർന്ന് വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് തന്നെ ഉൽപാദിപ്പിക്കുന്നതി നുമാണ് ഉദ്ദേശി ക്കുന്നത്. ഇതിനായി ചില കമ്പനി കളുമായി പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു. വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് നികുതി യിളവും ഇൻസന്റീവുകളും നൽകുന്നതിന് വൈദ്യുത വാഹന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകളും കേരളത്തിലുടനീളം സ്ഥാപിക്കാനും പദ്ധതി യുണ്ട്. ഇതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനേ യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനു വേണ്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകാമെന്ന് കെ എസ് ഇ ബി അറിയിച്ചിട്ടുണ്ട്. പാരമ്പര്യ ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെലവു കുറഞ്ഞ യാത്രാമാർഗ്ഗ മായി വൈദ്യുത |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ മാറ്റുന്നതിന് ഇത്തരം ഇളവുകൾ സഹായിക്കും. ഇതിലൂടെ പൊതുജനങ്ങളെ വൈദ്യുത വാഹനങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.<br>വൈദ്യുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതലായി പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഒരു വാഹന എക്സ്പോ "Kerala EV Expo 2019" എന്ന പേരിൽ കൊച്ചിയിൽ വെച്ച് ജൂൺ 29, 30 തീയതികളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത എക്സ്പോയിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള വൈദ്യുത വാഹന നിർമ്മാതാക്കളെ ഉൾപ്പെടുത്താനും അവരുടെ ഉൽപന്നങ്ങൾ കേരള വിപണിയിൽ പരിചയപ്പെടുത്താനും ലക്ഷ്യമിടുന്നു. |
| (ബി) | പെട്രോൾ, ഡീസൽ വാഹനങ്ങൾ മാറ്റി സി.എൻ.ജി., വൈദ്യുതി തുടങ്ങിയവയിലേക്ക് മാറുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം അറിയിക്കുമോ; ഇത് സംബന്ധിച്ച് വാഹന നിർമ്മാതാക്കളുമായോ പൊതുജനങ്ങളുമായോ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; | (ബി) | പരിസ്ഥിതി സൌഹൃദ വാഹനമായ ഇലക്ട്രിക് വാഹനങ്ങളും മർദ്ദിത പ്രകൃതി വാതകമായ സി.എൻ.ജി/ എൽ.എൻ.ജി/ ഓട്ടോ എൽ.പി.ജി. എന്നിവ ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം വാഹനങ്ങൾ സംസ്ഥാനത്തുടനീളം വിൽക്കുന്നതിനും വിൽപ്പനാനന്തര സേവനം നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പാവപ്പെട്ട തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും അന്തരീക്ഷ മലിനീകരണവും ശബ്ദമലിനീകരണവും അതുമൂലമുണ്ടാകുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനും സാധിക്കുന്നു. ഇത്തരം വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇ-റിക്ഷകൾക്ക് കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. പതിനഞ്ച് വർഷത്തിന് മുകളിൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ നിർബന്ധമായും സി.എൻ.ജി/ എൻ.എൽ.ജി./ ഇലക്ട്രിക് ഓട്ടോറിക്ഷകളാക്കി മാറ്റണമെന്ന് ഇലക്ട്രിക് വെഹിക്കിൾ പോളിസിയിൽ ലക്ഷ്യംവെച്ചിട്ടുണ്ട്. ഇതിന് 2020 മാർച്ച് 31 വരെ സമയം അനുവദി |

| | | | |
|---|---|---|---|
| | | | ച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ ഇ -വാഹന പെർമിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചുണ്ട്. ടി നഗരങ്ങളിൽ പുതിയ സിറ്റി പെർമിറ്റുകൾ നൽകുന്നത് ഇലക്ട്രിക് ഓട്ടോ റിക്ഷകൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാനും 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഓട്ടോ റിക്ഷകൾക്ക് പെർമിറ്റ് പുതുക്കി നൽകുന്നതിന് പ്രസ്തുത വാഹനം ഇലക്ട്രിക് ഓട്ടോറിക്ഷയായി രൂപ മാറ്റം നടത്തണമെന്ന് വ്യവസ്ഥ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ബി.പി.സി. എല്ലിന്റെ പമ്പുകളിലും കെ.എസ്.ഇ.ബി.യുടെ സഹകരണത്തോടെ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലും ചാർജ്ജിംഗ് സ്റ്റേഷനുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചു വരുന്നു. ഇ -റിക്ഷകളെ പെർമിറ്റിൽ നിന്നും ഒഴിവാക്കുകയും ഒറ്റത്തവണ വാഹന നികുതിയിൽ ഗണ്യമായ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്. |
| സി) | പ്രധാന നഗരങ്ങളിലെ മലിനീകരണ തോത് കുറയ്ക്കുവാൻ പരമ്പരാഗത ഊർജ്ജം ഇന്ധനമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | മലിനീകരണ തോത് കൂടുതലുള്ള പരമ്പരാഗത ഇന്ധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനാണ് സർക്കാർ ഇലക്ട്രിക് വെഹിക്കിൾ പോളിസി മുഖേന ലക്ഷ്യമിടുന്നത്. പരിസ്ഥിതി സൗഹൃദ വാഹനമായ ഇലക്ട്രിക് വാഹനങ്ങളും, പ്രകൃതി വാതകമായ CNG, LNG, LPG (ഓട്ടോ) എന്നിവ ഇന്ധനമായി ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ